പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 738</u> — <u>08-03-2012 - ൽ മറുപടിയ്ക്ക്</u>

## വെൻഡഡ് ചെക്ക് ഡാം കം ട്രാക്ടർ വേ

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന വെൻഡഡ് ചെക്ക് ഡാം കം ട്രാക്ടർ വേയുടെ നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ; | (എ) ചെറുപുഴ കാര്യങ്കോട് പുഴയ്ക്ക് കുറുകെ 'വെൻഡഡ് ചെക്ക് ഡാം കം ട്രാക്ടർ വേ' യുടെ നിർമ്മാണത്തിനായി NABARD RIDF XVI ൽ ഉൾപ്പെടുത്തി 6.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഇക്കാര്യത്തിന് 7.20 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിന് അംഗീകാരത്തിനായി പ്രസ്തുത പ്രൊപ്പോസൽ NABARD-ലേയ്ക്ക് അയച്ചിരിക്കുകയാണ്. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ ? | (ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ നടത്തി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.